# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 1730** **04.10.2016 ൽ മറുപടിയ്ക്ക്**

### അട്ടപ്പാടിയിലെ ആദിവാസികൾക്ക് നൽകിയ ഭൂമിയിലുള്ള കാറ്റാടി യന്ത്രങ്ങൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | അട്ടപ്പാടിയിലെ ആദിവാസികൾക്ക് നൽകിയ ഭൂമിയിലുള്ള കാറ്റാടിയന്ത്രത്തിൽ നിന്നും ലഭിച്ചിട്ടുള്ള വൈദ്യുതിക്ക് സർക്കാർ ഓരോ ഭൂവുടമകൾക്കും എത്ര രൂപാ വീതം നൽകിയിട്ടുണ്ടെന്നുള്ള വിവരം നാളിതുവരെയുള്ളത് വാർഷികാടിസ്ഥാനത്തിൽ ഉടമകളുടെ പേരും/ തുകയും പ്രത്യേകമായി സൂചിപ്പിച്ച് ലഭ്യമാക്കുമോ; | (എ) | ഇത് ഗവൺമെന്റ് സംരംഭം അല്ല. ആദിവാസി കുടുംബങ്ങൾക്ക് ആദായ വിഹിതം ലഭ്യമാകുന്ന നിലയിലുള്ള സർക്കാർ സംരംഭം ഇതുവരെ നടപ്പിലായിട്ടില്ല.<br><br>ചിലവഴിച്ച തുകയുടെ വിവരം ലഭ്യമല്ല. |
| (ബി) | നാളിതുവരെ അട്ടപ്പാടിയിലെ ഈ കാറ്റാടിയന്ത്രങ്ങളിൽ നിന്നും എത്ര രൂപയുടെ വൈദ്യുതി ലഭിച്ചുവെന്നത് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (ബി) | അട്ടപ്പാടിയിലെ സ്വകാര്യ കാറ്റാടി യന്ത്രങ്ങളിൽ നിന്നും അവരുമായി വച്ച വൈദ്യുതി വാങ്ങൽ കരാർ പ്രകാരം താഴെ പറയുന്ന തുക വൈദ്യുതി ബോർഡ് നൽകിയിട്ടുണ്ട്. |

| വർഷം | രൂപ |
|---|---|
| 2008-09 | 4,06,94,308/- |
| 2009- 10 | 10,80,73,129/- |
| 2010-11 | 10,95,04,237 |
| 2011-12 | 13,81,05,364/- |
| | |

| | |
|---|---|
| 2012-13 | 14,48,81,820/- |
| 2013-14 | 4,85,39,914/- |
| 2014-15 | 12,59,09,743/- |
| 2015-16 | 10,97,61, 928/- |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിക്ക വേണ്ടി നാളിതുവരെ ചിലവിട്ട തുകയുടെ വിവരം ഇനം തിരിച്ച് വ്യക്തമാക്കുമോ; | (സി) | സർക്കാർ സംരംഭം അല്ലാത്തതിനാൽ വിവരം ലഭ്യമല്ല. |
| (ഡി) | അട്ടപ്പാടിയിൽ ഇനിയും കാറ്റാടി യന്ത്രങ്ങൾ ഇത്തരത്തിൽ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (ഡി) | കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷനുമായി (എൻ.എച്ച്.പി.സി) സംസ്ഥാന സർക്കാർ ഒപ്പു വച്ച എം.ഒ.യു (MOU) ന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി പാലക്കാട് ജില്ലയിലെ അഗളി-അട്ടപ്പാടി മേഖലയിലെ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിലായി 82 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കാറ്റാടി വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുവാനുള്ള പ്രാരംഭ നടപടികൾ എൻ.എച്ച്.പി.സി.ആരംഭിച്ചിട്ടുണ്ട്. |
| (ഇ) | അട്ടപ്പാടിയിലെ ആദിവാസി ഭൂമി അനധികൃതമായി കൈയ്യേറി വ്യാജരേഖകൾ ചമച്ച് സർക്കാരിന് കാറ്റാടിയന്ത്രം സ്ഥാപിക്കുന്നതിന് നൽകി ചിലർ പണം തട്ടുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ എന്തെങ്കിലും തരത്തിലുള്ള പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ആഫീസർ